മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കരാറുകാരന്റെ അനാസ്ഥയാണ് പണി മുടങ്ങാനുള്ള കാരണം. നിയമപരമായ നടപടികളെടുത്ത് അയാളെ ഒഴിവാക്കിയിട്ടെങ്കിലും പുനർനിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) തൃശ്ശൂർ മുനിസിപ്പാലിറ്റിയിലെ വെള്ളക്കരം

ശ്രീ. കെ. ജെ. ജോർജ്: സർ, തൃശ്ശൂർ മുനിസിപ്പാലിറ്റി അവിടത്തെ ജനങ്ങൾക്ക് വളരെക്കാലമായി കുടിവെള്ളം വിതരണം ചെയ്യുന്ന വരാണ്. ഈ കഴിഞ്ഞ മാർച്ച് 13-ാം തീയതി ഗവൺമെന്റ് അത് ഏറ്റെടുത്തിരിക്കുകയാണ്. മുനിസിപ്പാലിറ്റി വെള്ളം വിതരണം ചെയ്യുമ്പോൾ വളരെ ആനുകൂല്യങ്ങൾ അവർക്ക് കൊടുത്തിരുന്നു. 5000 ലിറ്റർ വെള്ളം ഫ്രീയായി കൊടുത്തിരുന്നു. പിന്നീട് വരുന്ന ഓരോ ആയിരങ്ങൾക്കും 25 പൈസ എന്ന നിരക്കിൽ ആയിരുന്നു. അങ്ങനെ വളരെ നാമമാത്രമായ ഒരു റേറ്റിനാണ് തൃശ്ശൂർ മുനിസിപ്പാലിയ്ക്കകത്തുള്ള നിവാസികൾക്ക് വെള്ളം വിതരണം ചെയ്തിരുന്നത്. അത് ഗവൺമെന്റ് ഇപ്പോൾ ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇന്ന് അവിടെ ഒരു സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ആനുകൂല്യങ്ങളൊക്കെ നഷ്ടപ്പെടുമെന്നുള്ള ഭയത്തിലാണ് ഈ സമരം നടന്നുകൊണ്ടിരിക്കുന്നത്. പൈപ്പ് കണക്ഷനും മെയിൻറനൻസും നടത്താനൊക്കെ വളരെയധികം വിഷമതകൾ വാട്ടർ അതോറിറ്റിയ്ക്കുണ്ടാകുമെന്നുള്ള ധാരണയുടെ പേരിലാണ് സമരം നടന്നുകൊണ്ടിരിക്കുന്നത്. ആ സമരം ഇല്ലായ്മ ചെയ്യുന്നതിനും മുനിസിപ്പാലിറ്റി കൊടുത്തിരുന്ന എല്ലാ ആനുകൂല്യങ്ങളും അവിടത്തെ നിവാസികൾക്ക് കിട്ടാനും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിന് അനുകൂലമായ മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, ഒന്നിലധികം പ്രാവശ്യം ഈ കാര്യം ഈ സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ മാത്രമായി ഒരു നടപടി സ്വീകരിച്ചിട്ടില്ല. 1986-ലുണ്ടായ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് 8 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും ഉൾപ്പെടെ 1989 ഏപ്രിൽ 1-ാം തീയതി മുതൽ വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയത്. ഫിസിക്കലായിട്ടുള്ള ഹാൻഡ് ഓവറിംഗ് ഈ ഫെബ്രുവരി 28-ാം തീയതി മാത്രമേയായിട്ടുള്ളൂ. അവിടെ സമരം നടക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. ജനകീയ ആവശ്യം ഉൾക്കൊള്ളിച്ചുകൊണ്ട് സമരം നടത്താൻ എല്ലാവർക്കും അവകാശമുണ്ട്. സമരത്തിന്റെ വിവിധ വശങ്ങളാണ് പരിശോധിക്കേണ്ടത്. പ്രധാനമായും പ്രശ്നം വന്നിരിക്കുന്നത് അവിടെ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുകയില്ല എന്നാണ്. അങ്ങനെയൊരു ആശയക്കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ പരിശ്രമങ്ങൾ ചില കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ സഭയുടെ അറിവിനുവേണ്ടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ് ഈ ഗവൺമെന്റ് യാതൊരു രീതിയിലും ചാർജ് വർദ്ധനവുണ്ടാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നുമാത്രമല്ല ഓരോ മുനിസിപ്പാലിറ്റിയിലും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കുന്നതായിരിക്കും. വാട്ടർ കണക്ഷന്റെ കാര്യത്തെക്കുറിച്ച് ഏതെല്ലാം മുനിസിപ്പാലിറ്റികൾ ഏതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ കൊടുക്കണമെന്നു പറയുന്നുവോ ആ കണക്ഷനുകളായിരിക്കും വാട്ടർ അതോറിറ്റി കൊടുക്കുന്നത്. ഇതു പരിശോധിക്കുന്നതിനുവേണ്ടി മുനിസിപ്പൽ കമ്മീഷണർ ചെയർമാനായിട്ടും വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടും മുനിസിപ്പൽ എഞ്ചിനീയർമാർ അംഗങ്ങളായിട്ടുമുള്ള ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. വെള്ളമുണ്ടോ എന്നായിരിക്കും അവർ പരിശോധിക്കുന്നത്. അവരായിരിക്കും ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. അല്ലാതെ വാട്ടർ അതോറിറ്റി ഒറ്റയ്ക്കായിരിക്കയില്ല. എവിടെയാണ് ലൈൻ എക്സ്റ്റൻഷൻ വേണ്ടത് എന്നു മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ പഞ്ചായത്തോ പറയുന്ന സ്ഥലത്തായിരിക്കും ലൈൻ എക്സ്റ്റൻഷൻ വരുന്നത്. അവിടെയുള്ള എല്ലാ ആനുകൂല്യങ്ങളും നിലനിറുത്തിക്കൊണ്ടാണ് പോകുന്നത്. വെള്ളത്തിന്റെ കാര്യത്തിൽ ചാർജ് ഈടാക്കുന്ന ജോലി വാട്ടർ അതോറിറ്റിക്കുതന്നെയായിരിക്കും. അതുകൊണ്ട്, എനിക്ക് പറയാനുള്ളത് ഇപ്പോൾ സമരം നടക്കുന്നുണ്ട്. അതി�ൽ രണ്ട് മൂന്ന് വിഭാഗക്കാരുണ്ട്. ഒന്ന്, അദ്ധ്യേഹം പറഞ്ഞതുപോലെ സാമ്പത്തികഭാരം വർദ്ധിക്കുമെന്ന് ഭയന്ന് സമരം ചെയ്യുന്നവരുണ്ട്. പിന്നെ ഇത് ആത്മാർത്ഥമായി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തേണ്ടതു എന്നു കരുതുന്നവരുണ്ട്. മറ്റൊന്ന് ഈ അവസരം ഉപയോഗിച്ച് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി സമരം നടത്തുന്നവരുണ്ട്. രാഷ്ട്രീയ നേതൃത്വത്തിലുള്ള സമരം ഈ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ മിക്കവാറും കാണും. സംശയമുള്ള കാര്യങ്ങളും എന്റെ ഈ പ്രസ്താവന വഴി പരിഹരിക്കാൻ കഴിയും. അത് മനസ്സിലാക്കിക്കൊണ്ട് എല്ലാവരും സഹകരിച്ചാൽ നമുക്ക് നല്ല ഒരു അന്തരീക്ഷമുണ്ടാകും. ഇന്നു നിലവിലിരിക്കുന്ന ആനുകൂല്യങ്ങൾക്ക് യാതൊരു കുറവും ഉണ്ടാവുകയില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ഈ സബ്മിഷനിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ് ഇൻസിനുവേഷനും മറ്റു കാര്യങ്ങളുമൊന്നും പാടില്ല എന്ന്. കാഷ്വലായി മറുപടി പറയുന്ന കൂട്ടത്തിൽ ഇങ്ങനെയുള്ള റിമാർക്സ് വരുന്നത് നല്ല കാര്യമല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അറിയാം ഇപ്പോൾ അവിടെ രേണുകക്ഷിയാണ് സമരം നടത്തുന്നത്.

ശ്രീ. ബേബിജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ സമരത്തെപ്പറ്റി സൂചിപ്പിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്.

(4) നന്ദിയോട് വാട്ടർ സപ്ലൈ സ്കീം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു വാട്ടർ സപ്ലൈ സ്കീമാണ് ഇപ്പോൾ നന്ദിയോട് പഞ്ചായത്തിലുള്ളത്. എന്നാൽ ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി കാരണം എല്ലാ ഭാഗത്തും വെള്ളം എത്തിക്കാൻ കഴിയുന്നില്ല. വാട്ടർ ടാങ്കിനേക്കാൾ ഉയരത്തിലുള്ള പ്രദേശങ്ങളാണ് ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുള്ളത്. ഒന്നോ രണ്ടോ മൂന്നോ പഞ്ചായത്തിലേക്ക് വെള്ളം കൊടുക്കാനുള്ള സോഴ്സും ഇന്ന് അവിടെയുണ്ട്. ആയതിനാൽ ഒരു ഓവർഹെഡ് ടാങ്ക് കൂടി കെട്ടി ഈ പ്രശ്നം പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly